(സി) എന്നത്തേക്ക് പണി തുടങ്ങുമെന്നും എന്ന് പണി കഴിയുമെന്നും വെളിപ്പെടുത്താമോ;

(ഡി) എന്നേക്ക് ആശുപത്രി പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചു തുടങ്ങുമെന്നും മറ്റുമുള്ള വിശദ വിവരങ്ങൾ പറയാമോ;

(ഇ) മുളങ്കുന്നത്തുകാവിലെ ചെസ്റ്റ് ആശുപത്രി കെട്ടിടം പണി പൂർത്തീകരിച്ച് എന്നത്തേക്ക് മെഡിക്കൽ കോളേജ് പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചുതുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്ലാൻ ചീഫ് ആർക്കിടെക്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. പ്ലാൻ പൂർത്തിയാക്കിയാൽ എസ്റ്റിമേറ്റ് തയ്യാറാക്കാൻ ചീഫ് ഇഞ്ചിനീയർ നിർദ്ദേശം നൽകുന്നതാണ്.

(ബി) ഉദിക്കുന്നില്ല.

(സി) ഭരണാനുമതി കിട്ടി, വിശദമായ എസ്റ്റിമേറ്റു തയ്യാറാക്കി, വേണ്ട തുക ബഡ്ജറ്റിൽ വകയിരുത്തിയശേഷം പണി തുടങ്ങുന്നതാണ്.

(ഡി) ആശുപത്രികെട്ടിടത്തിന്റെ പണി തുടങ്ങിയിട്ടില്ല.

(ഇ) മുളങ്കുന്നത്തുകാവിലെ ചെസ്റ്റാശുപത്രി കെട്ടിടത്തിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 1986 ഡിസംബർ മാസത്തോടെ പണി പൂർത്തിയാവുമെന്ന് പ്രതീക്ഷിക്കുന്നു.

താലൂക്കാശുപത്രികളും ഇല്ലാത്ത താലൂക്കുകളും

758 [901] ശ്രീ. ടി. എസ്. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്കാശുപത്രികളും ഇല്ലാത്ത താലൂക്കുകളും എത്ര;

(ബി) അവ ഏതെല്ലാം;

(സി) താലൂക്കാശുപത്രികളും ഇല്ലാത്ത താലൂക്കുകളിൽ അവ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നാല്

(ബി) കുന്നത്തൂർ (കൊല്ലം ജില്ല), റാന്നി (പത്തനംതിട്ട ജില്ല), മല്ലപ്പള്ളി (പത്തനംതിട്ട ജില്ല), പീരുമേട് (ഇടുക്കി ജില്ല).

(സി) സാമ്പത്തിക ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

പള്ളിരുത്തിയിൽ ആശുപത്രി

759 [906] ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിരുത്തി നിയോജകമണ്ഡലത്തിൽ ഒരു ആശുപത്രി ഇല്ലെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പള്ളുരുത്തിയിൽ ആശുപത്രി പണിയുന്നതിന് കൊച്ചിൻ കോർപ്പറേഷൻ 5 ഏക്കർ സ്ഥലം സൗജന്യമായി നൽകാമെന്ന് ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ;

(സി) ആ സ്ഥലത്ത് ഒരു ആശുപത്രി പണിയുന്നതിനുള്ള നടപടി എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആശുപത്രി എന്ന് ആരംഭിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ, ബി) ഉണ്ട്.

(സി) ധനദൗർലഭ്യംമൂലം ഇതുവരെയും യാതൊരു നടപടിയുമെടുത്തിട്ടില്ല.

(ഡി) 1987–88 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ആവശ്യമായ തുക ഉൾപ്പെടുത്തി കിട്ടാൻ നടപടി സ്വീകരിക്കുന്നതും അപ്രകാരം സാമ്പത്തിക ലഭ്യത ഉറപ്പായശേഷം ആശുപത്രി കെട്ടിട നിർമ്മാണം മുതലായവ ആരംഭിക്കാവുന്നതുമാണ്.

തിരുമാറാടി പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ

760 [909] ശ്രീ. ബെന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുമാറാടി പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ ആരംഭിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ ഇതിന്റെ പ്രവർത്തനം എന്നത്തേക്ക് തുടങ്ങുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) അടുത്ത സാമ്പത്തിക വർഷത്തിൽ (1987–88) സാമ്പത്തിക ലഭ്യതയനുസരിച്ച് ഇക്കാര്യം പരിഗണിക്കുന്നതാണ്.

തിരുമാറാടി പഞ്ചായത്തിൽ അലോപ്പതി ആശുപത്രി

761 [911] ശ്രീ. ബെന്നി ബഹനാൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുമാറാടി പഞ്ചായത്തിൽ ഒരു ഗവൺമെന്റ് അലോപ്പതി ആശുപത്രി തുടങ്ങണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കാര്യത്തിൽ എന്തു നടപടി കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly